(ഇ) ഉണ്ട്. കറന്റ് ചാർജ്ജിൽ കുടിശ്ശിക വരുത്തിയതിനാലാണ് കണക്ഷൻ വിച്ഛേദിച്ചത്. ബോർഡിലേയ്ക്ക് അടയ്ക്കേണ്ട തുകയുടെ വിശദവിവരം ബന്ധപ്പെട്ട ഉപഭോക്താവിനെ അറിയിച്ചിട്ടുണ്ട്. പണം അടയ്ക്കുമ്പോൾ റീ കണക്ഷൻ നൽകുന്നതാണ്.

(എഫ്) കാർഷിക ഉപഭോക്താക്കളിൽ നിന്നും വൈദ്യുതി ചാർജ്ജ് ഈടാക്കുന്നത് 'ടൂ പാർട്ട് താരിഫ്' സമ്പ്രദായമനുസരിച്ചാണ്. കണക്ടഡ് ലോഡ് അനുസരിച്ചിട്ടുള്ള ഫിക്സഡ് ചാർജ്ജും ഉപഭോഗത്തിനനുസരിച്ചുള്ള എനർജി ചാർജ്ജും ഉൾപ്പെട്ടതാണ്. ടൂ പാർട്ട് താരിഫ് സമ്പ്രദായം. വൈദ്യുതി ഉപഭോഗം ഇല്ലെന്നുണ്ടെങ്കിൽ എനർജി ചാർജ്ജ് നൽകേണ്ടതില്ല. എന്നാൽ പ്രസ്തുത സന്ദർഭങ്ങളിലും ഉപഭോക്താവിന് കണക്ടഡ് ലോഡ് അനുസരിച്ച് അനുവദിച്ചിട്ടുള്ള വൈദ്യുതി അവരുടെ സ്ഥാപനങ്ങളിൽ ലഭ്യമാണ്. ഇപ്രകാരം പ്രസ്തുത സന്ദർഭങ്ങളിലും വൈദ്യുതി നിലനിർത്തുന്നതിനുവേണ്ടിയാണ് ഫിക്സഡ് ചാർജ്ജ് ഈടാക്കുന്നത്. കൂടാതെ മിനിമം ഗ്യാരന്റി വ്യവസ്ഥയിൽ കണക്ഷൻ എടുത്തിട്ടുള്ള ഉപഭോക്താവിന്റെ മിനിമം ഗ്യാരന്റി തുക മിനിമം ഗ്യാരന്റി കാലയളവിനെ ആസ്പദമാക്കി പ്രതിമാസം ബോർഡിലേക്ക് അടയ്ക്കേണ്ട തുക നിശ്ചയിച്ചിട്ടുണ്ട്. ഈ തുക പ്രതിമാസം ഉപഭോക്താവിൽ നിന്നും ഈടാക്കുന്നു.

വണ്ടൂർ നിയോജകമണ്ഡലത്തിൽ നൽകിയ പുതിയ കണക്ഷനുകൾ

139 (364) ശ്രീ. എൻ. കണ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം വണ്ടൂർ അസംബ്ലി നിയോജകമണ്ഡലത്തിൽ എത്ര പുതിയ വൈദ്യുതി കണക്ഷൻ നൽകിയിട്ടുണ്ടെന്ന് വെളിപ്പെടുത്തുമോ ;

(ബി) ഇവിടെ എത്ര പുതിയ ട്രാൻസ്ഫോർമറുകൾ സ്ഥാപിച്ചു എന്ന് വ്യക്തമാക്കുമോ ;

(സി) പ്രസ്തുത കാലയളവിനിടയിൽ വണ്ടൂർ അസംബ്ലി മണ്ഡലത്തിൽ എത്ര ഹരിജൻ കോളനികൾ വൈദ്യുതീകരിച്ചു എന്ന് വെളിപ്പെടുത്തുമോ ?

ഉത്തരം

(എ) 13,736 എണ്ണം.

(ബി) 55 എണ്ണം.

(സി) 13 എണ്ണം.

കക്കാട് 33 കെ.വി. സബ്സ്റ്റേഷൻ

140 (365) ശ്രീ. കെ. കുട്ടി അഹമ്മദ് കുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തി സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മലപ്പുറം ജില്ലയിലെ തിരൂരങ്ങാടിയിലെ കക്കാട് പ്രദേശത്ത് സ്ഥാപിക്കുന്ന 33 കെ.വി. സബ്സ്റ്റേഷന്റെ നിർമ്മാണ പുരോഗതി വ്യക്തമാക്കാമോ ; ഇത് എന്നത്തേക്ക് കമ്മീഷൻ ചെയ്യാൻ കഴിയും ;

LIBRARY ARCHIVES Kerala Legislative Assembly